**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6051** **09-07-2024 - ൽ മറുപടിയ്ക്ക്**

**കേരള കശുവണ്ടി കോർപറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള കശുവണ്ടി കോർപറേഷന്റെ കീഴിൽ 1988-1994 കാലഘട്ടത്തിൽ മുരിയാട് വിജയലക്ഷ്മി കമ്പനിയിൽ ജോലി ചെയ്തിരുന്ന തൊണ്ണൂറ് സ്ത്രീ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി അനുവദിച്ചുകൊണ്ടുള്ള തൃശ്ശൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ 26.05.2016-ലെ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | നടപ്പിലാക്കിയിട്ടില്ല. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ 1988 മുതൽ ഏറ്റെടുത്ത് നടത്തിയിരുന്ന 36 ഫാക്ടറികളിൽ ഒന്നാണ് 70-ാം നമ്പർ മുരിയാട് വിജയലക്ഷ്മി കമ്പനി. ടി ഫാക്ടറി 1994 - ൽ ബഹു.സുപ്രീം കോടതി ഉത്തരവ് പ്രകാരം സ്വകാര്യ ഉടമയ്ക്ക് വിട്ടുകൊടുത്തിട്ടുള്ളതാണ്. ടി ഫാക്ടറിയിലെ 90 സ്ത്രീ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി അനുവദിച്ചുകൊണ്ടുള്ള തൃശ്ശൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ 26.05.2016 ലെ ഉത്തരവ് നടപ്പാക്കിയിട്ടില്ല. ടി ഉത്തരവിന്മേലുള്ള റവന്യൂ റിക്കവറി ചലഞ്ച് ചെയ്ത് കാഷ്യൂ കോർപ്പറേഷൻ നൽകിയ WP(C) No.27906/18 -ാം നമ്പർ കേസും, തൊഴിലാളികൾ നൽകിയ WP(C) No.29564/18 -ാം നമ്പർ കേസും 12/01/2024 ൽ വിധിയായിട്ടുള്ളതാണ്. ടി വിധി പ്രകാരം 6 മാസത്തിനകം ഗ്രാറ്റുവിറ്റി വിതരണം ചെയ്യേണ്ടതാണ്. എന്നാൽ കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം ടി കേസിന്മേലുള്ള പലിശ ഒഴിവാക്കുവാനും മറ്റുമായി ഒരു റിട്ട് പെറ്റീഷൻ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യാൻ കാഷ്യൂ കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവ് പ്രകാരം ബന്ധപ്പെട്ട തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | നടപ്പിലാക്കിയിട്ടില്ല. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ 1988 മുതൽ ഏറ്റെടുത്ത് നടത്തിയിരുന്ന 36 ഫാക്ടറികളിൽ ഒന്നാണ് 70-ാം നമ്പർ മുരിയാട് വിജയലക്ഷ്മി കമ്പനി. ടി ഫാക്ടറി 1994 - ൽ ബഹു.സുപ്രീം കോടതി ഉത്തരവ് പ്രകാരം സ്വകാര്യ ഉടമയ്ക്ക് വിട്ടുകൊടുത്തിട്ടുള്ളതാണ്. ടി ഫാക്ടറിയിലെ 90 സ്ത്രീ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി അനുവദിച്ചുകൊണ്ടുള്ള തൃശ്ശൂർ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ 26.05.2016 ലെ ഉത്തരവ് നടപ്പാക്കിയിട്ടില്ല. ടി ഉത്തരവിന്മേലുള്ള റവന്യൂ റിക്കവറി ചലഞ്ച് ചെയ്ത് കാഷ്യൂ കോർപ്പറേഷൻ നൽകിയ WP(C) No.27906/18 -ാം നമ്പർ കേസും, |

| | | | |
|---|---|---|---|
| | | | തൊഴിലാളികൾ നൽകിയ WP(C) No.29564/18 -ാം നമ്പർ കേസും 12/01/2024 ൽ വിധിയായിട്ടുള്ളതാണ്. ടി വിധി പ്രകാരം 6 മാസത്തിനകം ഗ്രാറ്റുവിറ്റി വിതരണം ചെയ്യേണ്ടതാണ്. എന്നാൽ കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം ടി കേസിന്മേലുള്ള പലിശ ഒഴിവാക്കുവാനും മറ്റുമായി ഒരു റിട്ട് പെറ്റീഷൻ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്യാൻ കാഷ്യൂ കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ